# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2930

13-07-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ചെലവും ഭാവി വരുമാനവും

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. ടി.എം.തോമസ് ഐസക് | : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ, റോഡ്, റെയിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി എത്ര കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എ) 2093 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 120 കോടി ചെലവുള്ള റോഡ് പി.പി. പി. ഘടകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) തുറമുഖ നിർമ്മാണവും പ്രവർത്തനവുമായി ബന്ധപ്പെട്ട് കണക്കാക്കപ്പെട്ട ചെലവ് എത്രയെന്നും ഇതിൽ എത്ര കോടി രൂപ കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് വഴി അദാനിക്ക് നൽകേണ്ടതുണ്ട് എന്നും വെളിപ്പെടുത്തുമോ;

(ബി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്വാട്ടറിന്റെ തുകയുമാണ്.

പി.പി.പി ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" –ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിയ്ക്കു നൽകേണ്ടതാണ്.

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നല്കും (പി.പി.പി ഘടകത്തിന്റെ 20%).

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നല്കും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9).

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നല്കും.

(സി). പദ്ധതി തുകയുടെ എത്ര ശതമാനം തുക കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നൽകേണ്ടതുണ്ട് എന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതിയുടെ മൊത്തം തുകയായ 5552 കോടി രൂപയുടെ 51.5% ആയ 2690 കോടി രൂപ നിർമ്മാണ ഘട്ടത്തിൽ ചെലവാക്കും. ബാഹ്യ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 1973 കോടി രൂപ കൂടി ഉൾപ്പെടുത്തുമ്പോൾ സർക്കാരുകളുടെ വിഹിതം 4663 കോടി രൂപയാണ്. അതായ് 7525 കോടി രൂപയുടെ 62%.

(ഡി)- പുതിയ കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം 20–ാം വർഷം മുതൽ ഓരോ വർഷവും തുറമുഖ വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട് എന്ന് വിശദീകരിക്കുമോ;

(ഡി) തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചു തുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തി ഒന്ന് ശതമാനം വരെ ഉയരും.

തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റിന്റെ ആകെ മൊത്തവരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

(ഇ) 20-ാം വർഷത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന തുക, കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ആദ്യഘട്ടത്തിൽ പദ്ധതിക്കുവേണ്ടി അദാനിക്കു നല്കുന്ന 32.5 ശതമാനം തുകയുടെ പലിശയേക്കാൾ കൂടുതലായിരിക്കുമോയെന്നു വ്യക്തമാക്കുമോ;

(ഇ) ഇത്തരം ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പലിശ കണക്കുകളിലൂടെയല്ല സർക്കാരുകൾ വിലയിരുത്തുന്നത്. അതിനാൽ പലിശ എത്ര കോടി രൂപ ആയിരിയ്ക്കുമെന്ന് പരിശോധന നടത്തിയിട്ടില്ല.

സർക്കാർ ചിലവാക്കുന്ന തുകയ്ക്ക് സർക്കാരിന് ലഭിയ്ക്കുന്ന മറ്റു സാമ്പത്തിക നേട്ടങ്ങൾ വിശകലനം ചെയ്താൽ അതായത് ഒരു Social Cost Benefit Analysis നടത്തിയാൽ ഈ മുതൽമുടക്കിന് 12 ശതമാനത്തിൽ കൂടുതൽ Economic Rate of Return (ERR) നല്കുന്നുണ്ടെന്ന് തുറമുഖ കമ്പനി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

(എഫ്) അദാനി പോർട്ട്സ് പദ്ധതി രേഖയിൽ കണക്കാക്കിയ 20 വർഷം മുതൽ 60 വർഷം വരെയുള്ള വരുമാനം എത്ര കോടി വീതമാണ്; വിശദമാക്കാമോ?

(എഫ്) അദാനി പോർട്ട്സ് പദ്ധതി വരുമാനം കണക്കാക്കിയ പദ്ധതി രേഖ സമർപ്പിച്ചിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ അനുസരിച്ച് ബിഡ് രേഖകൾക്കൊപ്പം വരുമാനം കണക്കാക്കിയ പദ്ധതി രേഖ ബിഡ്ഡേഴ്സ് സമർപ്പിക്കേണ്ടതില്ല.

- കരാർ പ്രകാരം കൺസഷനയർക്ക് ലഭിക്കുന്ന മൊത്ത വരുമാനത്തിന്റെ വിഹിതം സംസ്ഥാന സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്. തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചു തുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു

ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തി ഒന്ന് ശതമാനം വരെ ഉയരും.

തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റിന്റെ ആകെ മൊത്ത വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

[signature]

**സെക്ഷൻ ഓഫീസർ**